98/est/18

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 3/753/2012/സിഇ/തസ്വഭവ

തീയതി: 21.03.2018

# നോട്ടീസ്

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - 2017 - 18 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ പുരോഗതിയുടെ അവലോകനം – സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം 2017 - 18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Google Sheet-കൾ പ്രകാരം ടെണ്ടർ പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കേണ്ടതായി ആകെ 1,59,928 പ്രവൃത്തികളാണുള്ളത്. ആയതിൽ 64,419 അന്തിമ ബില്ലുകളും, 3,484 ഭാഗിക ബില്ലുകളും പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നു. Google Sheet - ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പ്രകാരം ഭീമമായ തുക ഇനിയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം 92,025 പ്രവൃത്തികളുടെ ബില്ലുകൾ കൂടി തയ്യാറാക്കാൻ ബാക്കി നിൽക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതികളുടെ ഫണ്ട് 100 % വിനിയോഗിക്കുന്നതിന് സർക്കാരിന്റെ കർശന നിർദ്ദേശമുള്ളതാണ്. ആയതിനാൽ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും ആയവയുടെ ബില്ലുകൾ തയ്യാറാക്കി പരമാവധി ധനവിനിയോഗം നടപ്പിലാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു. കൂടാതെ മേൽ സംബന്ധിച്ച വിവരങ്ങൾ Google Sheet-കൾ (P-1004/1003, P-1016, P-1019) മുഖാന്തിരം യഥാസമയം രേഖപ്പെടുത്തേണ്ടതുമാണെന്ന കർശ്ശന നിർദ്ദേശം നൽകുന്നു.

ചീഫ് എഞ്ചിനീയർ

എസ്.എ